**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600</u>** **<u>23-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>വാമനപുരം മണ്ഡലത്തിലെ നാട്ടരങ്ങ് പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ബി) | നാട്ടരങ്ങ് പദ്ധതി പ്രകാരം എത്ര തുകയാണ് സാംസ്കാരിക കേന്ദ്രങ്ങൾക്ക് ചെലവഴിക്കാൻ കഴിയുന്നത്; വിശദവിവരങ്ങൾ നൽകാമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം നാട്ടരങ്ങ് പദ്ധതിയ്ക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങാണ് ഒരു സാമ്പത്തിക വർഷം സ്ഥാപിക്കാനാവുക. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യ വൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ തുടങ്ങിയവയും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രാദേശിക ആവശ്യപ്രകാരം കൂടുതൽ സൗകര്യങ്ങൾ നാട്ടരങ്ങിൽ ഏർപ്പെടുത്തണമെങ്കിൽ ആയതിനുള്ള തുക എം.പി.മാർ, എം.എൽ.എമാർ തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാദേശിക വികസന/ആസ്തി വികസന ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ